**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6403** **08.07.2014-ൽ മറുപടിയ്ക്ക്**

## കായിക സംഘടനകളുടെ സർട്ടിഫിക്കറ്റിന്റെ ദുരുപയോഗം തടയുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | കായിക സംഘടനകളുടെ സർട്ടിഫിക്കറ്റ് ദുരുപയോഗം ചെയ്ത് അനർഹരായ കുട്ടികൾ ഗ്രേസ് മാർക്ക് നേടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. ആയത് തടയുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംസ്ഥാന അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന സംസ്ഥാന മീറ്റുകളിൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നിയോഗിക്കുന്ന നിരീക്ഷകർ, പ്രസ്തുത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത് വിജയിക്കുന്നവർക്കും, പങ്കെടുക്കുന്നവർക്കും നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പേര്, ഒപ്പ്, തീയതി, സീൽ എന്നിവ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ബന്ധപ്പെട്ട നിരീക്ഷകർ കൗണ്ടർസൈൻ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകൾ മാത്രമാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിലവിൽ അംഗീകരിച്ചുവരുന്നത്. |
| (ബി) | കേരള മൗണ്ടനീയറിംഗ് അസ്സോസിയേഷനിൽ അരങ്ങേറിയ തട്ടിപ്പ് ഭാരവാഹികൾ തന്നെ കണ്ടെത്തി നടപടി സ്വീകരിച്ചതായി സംഘടനാ പ്രസിഡന്റ് മാധ്യമങ്ങളെ അറിയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി), (സി) & | കേരള മൗണ്ടനീയറിംഗ് അസോസിയേഷൻ സംഘടിപ്പിച്ച സംസ്ഥാന മീറ്റിനോടനുബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും നിരീക്ഷകനെ ചുമതലപ്പെടുത്തിയിരുന്നു. ടി നിരീക്ഷകൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഇത്തരത്തിലുള്ള പരാതികൾ ഒന്നുംതന്നെ പരാമർശിച്ചിട്ടുണ്ടായിരുന്നില്ല. |
| (സി) | ഇക്കാര്യത്തിൽ സ്പോർട്സ് കൗൺസിൽ തട്ടിപ്പുകാരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | ഈ വിഷയത്തിൽ ഏതെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ടി ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് അനർഹരായ കായികതാരങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നുവെന്ന് പ്രസ്തുത അസോസിയേഷന്റെ പ്രസിഡന്റ് ആരോപിച്ചിരുന്നെങ്കിലും ഇതിന്മേൽ സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അപേക്ഷകൾ ഒന്നും സമർപ്പിച്ചിട്ടില്ല. കൂടാതെ ടി ചാമ്പ്യൻഷിപ്പിൽ ജില്ലകളെ |

പ്രതിനിധീകരിച്ച് പങ്കെടുത്ത കായിക താരങ്ങളിൽ നിന്നോ, ഒഫീഷ്യലുകളിൽ നിന്നോ ഇത് സംബന്ധിച്ച് യാതൊരുവിധ പരാതികളും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**